# ഹയർ സെക്കൻഡറി: പുതിയ ടൈംടേബിൾ ജൂലൈ മുതൽ

തിരുവനന്തപുരം • ഹയർ സെക്കൻഡറിയിൽ അധ്യയനം ആഴ്ചയിൽ അഞ്ചു ദിവസമാക്കിയുള്ള പുതിയ ടൈംടേബിൾ ജൂലൈ ഒന്നു മുതൽ. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് അടുത്തയാഴ്ച ഇറങ്ങും. ശനിയാഴ്ച പ്രവൃത്തിദിനം ഒഴിവാക്കണമെന്നും പകരം തിങ്കൾ മുതൽ വെള്ളി വരെ ദിവസങ്ങളിൽ രാവിലെ ഒൻപതു മുതൽ വൈകിട്ട് 4.30 വരെ ക്ലാസ് നടത്താമെന്നും ലബ്ബ കമ്മിറ്റി സർക്കാരിനു ശുപാർശ സമർപ്പിച്ചിരുന്നു. സർക്കാർ ഇത് അംഗീകരിച്ചെങ്കിലും ഉത്തരവ് ഇറങ്ങാത്തതിനാൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ആശയക്കുഴപ്പം നിലനിൽക്കുകയായിരുന്നു. തീരുമാനം വൈകുന്നതിനെതിരെ മുസ്‌ലിം ലീഗിന്റെ അധ്യാപക സംഘടനയായ കെഎച്ച്എസ്ടിയു ഉൾപ്പെടെ സർക്കാരിനു പരാതി നൽകിയിരുന്നു.